**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നം.64018/EB 10-2/2021/EB 10 തീയതി: 01.11.2021

**<u>വിജ്ഞാപനം</u>**

2021 അക്കാദമിക് വർഷത്തിൽ വിവിധ വിഷയങ്ങളിലെ പി.എച്ച്.ഡി പ്രവേശന പരീക്ഷയ്ക്ക് യോഗ്യരായ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

**1. <u>യോഗ്യത</u>**

ഏതെങ്കിലും വിഷയത്തിൽ മഹാത്മാഗാന്ധി സർവകലാശാലയിൽ നിന്നോ, സർവകലാശാല അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും സർവകലാശാലകളിൽ നിന്നോ, ആകെ മാർക്കിന്റെ 55% മാർക്കിൽ കുറയാത്ത മാർക്കോടെ അല്ലെങ്കിൽ തത്തുല്യമായ ഗ്രേഡോടെ (ഗ്രേസ് മാർക്ക് കൂട്ടാതെ) ബിരുദാനന്തര ബിരുദമോ തത്തുല്യമായ പ്രൊഫഷണൽ ഡിഗ്രിയോ നേടിയവർക്ക് അപേക്ഷിക്കാം. കൂടാതെ വ്യവസ്ഥാപിത രീതിയിൽ അക്രെഡിറ്റഡ് ആയിട്ടുള്ള വിദേശ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും മേൽ സൂചിപ്പിച്ച രീതിയിൽ ബിരുദാനന്തര ബിരുദമോ തത്തുല്യമായ പ്രൊഫഷണൽ ബിരുദമോ നേടിയവർക്ക് അപേക്ഷിക്കാം.

എസ്.സി/എസ്.ടി / ഒ.ബി.സി (നോൺക്രീമിലെയർ), ഭിന്നശേഷിക്കാർ, തുടങ്ങിയവർക്ക് ബിരുദാനന്തര ബിരുദ പരീക്ഷയിൽ ആകെ മാർക്കിന്റെ 50 ശതമാനം മാർക്ക് അല്ലെങ്കിൽ തത്തുല്യമായ ഗ്രേഡ് (ഗ്രേസ് മാർക്ക് കൂട്ടാതെ) നേടിയിട്ടുണ്ടെങ്കിൽ അപേക്ഷിക്കാൻ അർഹതയുണ്ട്. 19 സെപ്റ്റംബർ 1991 ന് മുൻപ് ബിരുദാനന്തര ബിരുദം നേടിയവർക്ക് ബിരുദാനന്തര ബിരുദ പരീക്ഷയിൽ ആകെ മാർക്കിന്റെ 50 ശതമാനം മാർക്ക് അല്ലെങ്കിൽ തത്തുല്യമായ ഗ്രേഡ് (ഗ്രേസ് മാർക്ക് കൂട്ടാതെ) നേടിയിട്ടുണ്ടെങ്കിൽ അപേക്ഷിക്കാൻ അർഹതയുണ്ട്. ഈ വിഭാഗത്തിലുള്ളവർ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ അപ് ലോഡ് ചെയ്യുകയും അപേക്ഷയുടെ പ്രിന്റൗട്ടിനൊപ്പം പകർപ്പുകൾ സമർപ്പിക്കുകയും വേണം. പി എച്ച് ഡി പ്രവേശന പരീക്ഷാഫലത്തിന് ടി ഫലം പ്രഖ്യാപിക്കുന്ന തീയതി മുതൽ രണ്ട് വർഷം വരെ സാധുത ഉണ്ടായിരിക്കുന്നതാണ്.

സർവ്വകലാശാല സ്കൂൾ / ഡിപ്പാർട്ട്മെന്റ് / ഇന്റർ യൂണിവേഴ്സിറ്റി സെന്റർ / അംഗീകൃത ഗവേഷണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പിഎച്ച്ഡി പ്രവേശനത്തിന്, എല്ലാ അപേക്ഷകരും (താഴെക്കൊടുത്തിരിക്കുന്ന പട്ടിക പ്രകാരം ഒഴിവാക്കപ്പെട്ട വിഭാഗങ്ങൾ ഒഴികെയുള്ളവർ) പി.എച്ച്.ഡി പ്രവേശന പരീക്ഷ എഴുതേണ്ടതാണ്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം
Draft #2 of File 64018/EB 10-2/2021/EB 10 Approved by Controller of Examinations on 01-Nov-2021 03:12 PM - Page 1

**പ്രവേശന പരീക്ഷയിൽ നിന്നും ഒഴിവാക്കിയ വിഭാഗത്തിൽപ്പെടുന്നവർ അപേക്ഷിക്കേണ്ടതില്ല.**

**പ്രവേശന പരീക്ഷയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളവർ**

താഴെപറഞ്ഞിട്ടുള്ള വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരെ പ്രവേശന പരീക്ഷ എഴുതുന്നതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

1. ജെ ആർ എഫ് നേടിയിട്ടുള്ളവർ
2. യു ജി സി ടീച്ചർ ഫെല്ലോസ്
3. എം.ഫിൽ /എം.ടെക് (എല്ലാ വിഷയങ്ങളും), എം.ഡി, എം.എസ് & എംഡിഎസ് (മോഡേൺ മെഡിസിൻ, ഹോമിയോപ്പതി & ആയുർവേദ) ബിരുദം നേടിയിട്ടുള്ളവർ.
4. കേരളത്തിലെ ഗവ./എയിഡഡ് കോളേജിലെയും യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലെയും റെഗുലർ /സ്ഥിരം അധ്യാപകർ.
5. NET/ SLET / GATE / GPAT, JEST, RGNF പാസായിട്ടുള്ളവർ അല്ലെങ്കിൽ UGC, CSIR, ICAR / ICMR തുടങ്ങിയ സ്ഥാപനങ്ങൾ നടത്തിയ പരീക്ഷ പാസായിട്ടുള്ളവർ.
6. DST വുമൺ സയന്റിസ്റ്റ് അവാർഡ് നേടിയിട്ടുള്ളവർ.
7. KSCT / INSPIRE / MANF ഫെല്ലോഷിപ്പ് നേടിയവർ.
8. അക്രഡിറ്റഡ് R&D സ്ഥാപനങ്ങളിലെ സയന്റിസ്റ്റുകൾ.
9. സർക്കാർനിയന്ത്രണത്തിലുള്ള സ്വാശ്രയ കോളേജുകളിലെ, തുടർച്ചയായ 3 വർഷത്തിൽ കുറയാത്ത പ്രവർത്തന പരിചയമുള്ള അധ്യാപകർ .

**അപേക്ഷാഫീസ്.**

അപേക്ഷാ ഫീസായി ₹ 1050/-(ആയിരത്തി അൻപത് രൂപ മാത്രം) അടയ്ക്കേണ്ടതാണ്. എസ് സി/എസ്.റ്റി വിഭാഗക്കാർക്ക് ₹ 525/- (അഞ്ഞൂറ്റി ഇരുപത്തി അഞ്ച് രൂപ മാത്രം) അടച്ചാൽ മതിയാകും. അപേക്ഷാഫീസ് ഓൺലൈൻ ആയി മാത്രമേ സ്വീകരിക്കുകയുള്ളൂ.

**എങ്ങനെ അപേക്ഷിക്കാം**

www.phd.mgu.ac.in എന്ന സർവ്വകലാശാലാ വെബ് സൈറ്റ് മുഖേന ഓൺലൈനായി പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. ഓൺലൈൻ രജിസ്ട്രേഷനു വേണ്ടിയുള്ള സർവ്വകലാശാലാ പോർട്ടൽ 5.11.2021 മുതൽ 16.11.2021 വരെ സജീവമായിരിക്കും. **പി എച്ച് ഡി പരീക്ഷ ഫലപ്രഖ്യാപനത്തിനു ശേഷം, വിജയികളാകുന്നവർ മാത്രം, അപേക്ഷയുടെ ഒരു പ്രിന്റൗട്ട്, അപ് ലോഡ് ചെയ്തിരിക്കുന്ന യോഗ്യതാപത്രങ്ങളുടെ ഫോട്ടോകോപ്പികളും ചേർത്ത് അസിസ്റ്റന്റ് രജിസ്ട്രാർ 21(പരീക്ഷ), മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ്, പോസ്റ്റ് 686 560 എന്ന വിലാസത്തിൽ ഫല പ്രഖ്യാപന തീയതി മുതൽ പതിനാല് ദിവസത്തിനകം സമർപ്പിച്ചിരിക്കണം.** ഹാൾ ടിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതിനുള്ള സമയക്രമം, പരീക്ഷ തീയതി, കേന്ദ്രം എന്നിവ പിന്നീട് പ്രസിദ്ധീകരിക്കുന്നതായിരിക്കും .

**അപേക്ഷയുടെ പ്രിന്റൗട്ടിനൊപ്പം സമർപ്പിക്കേണ്ട സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ**

1. ബിരുദാനന്തര ബിരുദ പരീക്ഷയുടെ ഡിഗ്രി സർട്ടിഫിക്കറ്റ് /പ്രൊവിഷണൽ സർട്ടിഫിക്കറ്റ്.
2. കൺസോളിഡേറ്റഡ് പി.ജി. മാർക്ക് ലിസ്റ്റ്.
3. തഹസിൽദാരിൽ നിന്നുമുള്ള ജാതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് (എസ് സി /എസ് റ്റി അപേക്ഷകർക്ക് മാത്രം)

Draft #2 of File 64018/EB 10-2/2021/EB 10 Approved by Controller of Examinations on 01-Nov-2021 03:12 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

4. വില്ലേജ് ഓഫീസറിൽ നിന്നുമുള്ള നോൺ - ക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ അസ്സൽ (OBC വിഭാഗക്കാർക്ക് മാത്രം).
5. ഗവണ്മെന്റ് മെഡിക്കൽ ബോർഡിൽ നിന്നുള്ള Disability Certificate (ഭിന്നശേഷിക്കാർക്ക് മാത്രം)
6. മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് പുറമേ നിന്നും യോഗ്യത നേടിയിട്ടുള്ളവർക്ക് മഹാത്മാഗാന്ധി സർവ്വകലാശാലയുടെ എലിജിബിലിറ്റി (Eligibility) / ഇക്വലൻസി (Equivalency) സർട്ടിഫിക്കറ്റ്.

NB : അപൂർണമായ അപേക്ഷകൾ മുന്നറിയിപ്പ് കൂടാതെ നിരസിക്കുന്നതാണ്.

**ഓൺലൈൻ രജിസ്ട്രേഷനുള്ള സമയക്രമം**

| | |
|---|---|
| ഓൺലൈൻ രജിസ്ട്രേഷനുള്ള പോർട്ടൽ തുറക്കുന്നത് | 05.11.2021, 11 a.m. |
| പോർട്ടൽ അടയ്ക്കുന്നത് (രജിസ്ട്രേഷനുള്ള അവസാന തീയതി) | 16.11.2021, 6 p.m. |
| പരീക്ഷ വിജയികൾ അപേക്ഷയുടെ പ്രിന്റൗട്ട്, മറ്റ് രേഖകളുടെ പകർപ്പുകൾ സഹിതം സർവ്വകലാശാലാ ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി | പരീക്ഷാഫല പ്രഖ്യാപന തീയതി മുതൽ പതിനാല് ദിവസത്തിനകം |

NB: പ്രവേശന പരീക്ഷയിൽ വിജയം നേടിയതുകൊണ്ട് മാത്രം പിഎച്ച്ഡി പ്രോഗ്രാമിന് അഡ്മിഷൻ ലഭിക്കണമെന്നില്ല. അത് പ്രവേശന പരീക്ഷയുടെ ഫലം, അസൽ സർട്ടിഫിക്കറ്റുകളുടെ പരിശോധന, ഡോക്ടറൽ ഇന്റർവ്യൂവിൽ മറ്റ് യോഗ്യതാ മാനദണ്ഡങ്ങളുടെ തൃപ്തികരമായ പൂർത്തീകരണം, അതതു വിഷയങ്ങളിലുള്ള ഒഴിവുകൾ എന്നിവയ്ക്ക് വിധേയമായിരിക്കും.

വിശദ വിവരങ്ങൾക്ക് www.phd.mgu.ac.in സന്ദർശിക്കുക.

അന്വേഷണങ്ങൾക്ക്: 0481 - 2732947

ഇമെയിൽ : wat.eb10@mgu.ac.in

ഡോ. സി എം ശ്രീജിത്ത്
പരീക്ഷാ കൺട്രോളർ

പകർപ്പ്:

1. പി ആർ ഒ (പത്രക്കുറിപ്പ് നൽകുന്നതിനായി)
2. വി സി/പി വി സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/സി ഇ/എഫ് ഒ/ഡിസി ഡിസി എന്നിവരുടെ പി എ മാർ
4. യു ആർ സി ഡയറക്ടർ
5. എസി എ2, എസി എ10, എസി എ11 / എ.സി.സി. 1 സെക്ഷൻ
6. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ /ഐ.ക്യു.എ.സി.
7. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

Draft #2 of File 64018/EB 10-2/2021/EB 10 Approved by Controller of Examinations on 01-Nov-2021 03:12 PM - Page 3
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

| ക്രമ നം | വിഷയം | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | അറബിക് | 10 |
| 2 | ബയോസയൻസസ് (ബയോകെമിസ്ട്രി , ബയോഫിസിക്സ്, ബയോ ടെക്നോളജി, മൈക്രോ ബയോളജി ) | 13 |
| 3 | ബോട്ടണി | 39 |
| 4 | കെമിസ്ട്രി | 143 |
| 5 | കൊമേഴ്സ് | 16 |
| 6 | എക്കണോമിക്സ് | 20 |
| 7 | എഡ്യൂക്കേഷൻ | 6 |
| 8 | ഇംഗ്ലീഷ് | 26 |
| 9 | എൻവയോൺമെന്റൽ സയൻസ് | 6 |
| 10 | ഗാന്ധിയൻ സ്റ്റഡീസ്/ ഡെവലപ്മെന്റ് സ്റ്റഡീസ് | 11 |
| 11 | ഹിന്ദി | 26 |
| 12 | ഹിസ്റ്ററി & ആന്ത്രോപോളജി | 31 |
| 13 | ഹോം സയൻസ് | 6 |
| 14 | ഇസ്ലാമിക് ഹിസ്റ്ററി | 9 |
| 15 | ലോ | 14 |
| 16 | മലയാളം | 26 |
| 17 | മാനേജ്മെന്റ് സ്റ്റഡീസ് | 25 |
| 18 | മാത്തമാറ്റിക്സ് | 39 |
| 19 | ഫിലോസഫി | 13 |
| 20 | ഫിസിക്സ് | 82 |
| 21 | ഫിസിക്കൽ എഡ്യൂക്കേഷൻ | 4 |
| 22 | പൊളിറ്റിക്കൽ &ഇന്റർനാഷണൽ റിലേഷൻസ്/പൊളിറ്റിക്കൽ സയൻസ് | 4 |
| 23 | സംസ്കൃതം | 18 |
| 24 | സോഷ്യൽ വർക്ക് | 8 |

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 64018/EB 10-2/2021/EB 10 Approved by Controller of Examinations on 01-Nov-2021 03:12 PM - Page 4

| | | |
|---|---|---|
| 25 | സോഷ്യോളജി | 2 |
| 26 | സ്റ്റാറ്റിസ്റ്റിക്സ് | 22 |
| 27 | ടൂറിസം സ്റ്റഡീസ് | 2 |
| 28 | സുവോളജി | 39 |
| 29 | കമ്പ്യൂട്ടർ സയൻസ് | 16 |
| 30 | ഇന്റർ ഡിസ്സിപ്ലിനറി സയൻസസ് | 3 |
| 31 | മ്യൂസിക് | 12 |

Draft #2 of File 64018/EB 10-2/2021/EB 10 Approved by Controller of Examinations on 01-Nov-2021 03:12 PM - Page 5

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം